2025
DECEMBER
03
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കമ്പനി നിയമഭേദഗതി
# ഫ്രാക്ഷണൽ ഷെയർ ഇടപാട് അനുവദിച്ചേക്കും



**ന്യൂഡൽഹി:** ചെറുകിട നിക്ഷേപകരുടെ വിപണി പങ്കാളിത്തം വർധിപ്പിക്കുന്നതിനും എംപ്ലോയി സ്റ്റോക്ക് ഓപ്ഷനുകളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുമായി കമ്പനി നിയമം ഭേദഗതി ചെയ്തേക്കും. ഫ്രാക്ഷണൽ ഓഹരികൾക്ക് നിയമപരമായ അംഗീകാരം നൽകാനും കോർപ്പറേറ്റ് നിയമ (ഭേദഗതി) ബിൽ വ്യവസ്ഥ ചെയ്യുന്നു. പാർലമെന്റിന്റെ ശൈത്യകാല സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ചേക്കുമെന്നാണ് റിപ്പോർട്ടുകൾ. റെസ്ട്രിക്റ്റഡ് സ്റ്റോക്ക് യൂണിറ്റുകൾ, സ്റ്റോക്ക് അപ്രീസിയേഷൻ റൈറ്റ്സ് പോലുള്ള ജീവനക്കാരുടെ ആനുകൂല്യ പദ്ധതികൾക്ക് അംഗീകാരം നൽകാനും നിർദ്ദേശമുണ്ട്. ചെറുകിട നിക്ഷേപകർക്ക് ഉയർന്ന വിലയുള്ള ഓഹരികൾ ലഭ്യമാക്കാനും ഇന്ത്യയുടെ കമ്പനി നിയമ ചട്ടക്കൂടിനെ വികസിത വിപണികളുമായി ഒരുമിപ്പിക്കാനും ഈ ഭേദഗതികൾ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

ഓഹരി പല അംശങ്ങളായി വീതിച്ച് നിക്ഷേപം നടത്താനുള്ള അവസരമാണ് ഫ്രാക്ഷണൽ ഷെയർ അനുവദിക്കുന്നതിലൂടെ ലഭിക്കുക. അതായത് ഓഹരിയുടെ വില 100 രൂപയാണെങ്കിൽ 10 രൂപ മുടക്കിയാൽ 0.10 ശതമാനം നിക്ഷേപം നടത്താം. റീട്ടെയിൽ നിക്ഷേപകരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള പ്രധാന ചുവടുവെപ്പായി ഇതിനെ കാണാം. ഉയർന്ന മൂല്യമുള്ള ഓഹരികളുടെ ഇടപാട് വർധിപ്പിക്കാനും അതിലൂടെ ലിക്വിഡിറ്റി കൂട്ടാനും പുതിയ വ്യവസ്ഥകൾ ഉപകരിക്കും. ചില കമ്പനികൾ നിലവിൽ ഇത്തരത്തിൽ ഓഹരികൾ കൈമാറാറുണ്ടെങ്കിലും കമ്പനീസ് ആക്ട് പ്രകാരം അനുമതിയില്ല. ഇത്തരം സാഹചര്യത്തിൽ കമ്പനി ബോർഡ് നിയമിക്കുന്ന ട്രസ്റ്റിയാകും ഈ ഓഹരികൾ കൈവശം വെക്കുക. ട്രസ്റ്റി ഈ ഓഹരികൾ അനുയോജ്യമായ സമയത്ത് വിപണിയിൽ വിറ്റ് തുക ഓഹരിയുടമകൾക്ക് വിതരണം ചെയ്യും.

പുതിയ വ്യവസ്ഥ പ്രാബല്യത്തിലായാൽ കമ്പനികൾക്ക് ഫ്രാക്ഷണൽ ഓഹരികൾ കൈവശംവെക്കാനും പുതിയതായി പുറത്തിറക്കാനും അനുമതി ലഭിക്കും. ലിസ്റ്റ് ചെയ്ത കമ്പനിയുടെ കാര്യത്തിൽ സെബിയുമായി ചർച്ചചെയ്താകും തീരുമാനമെടുക്കുക. നിലവിൽ യുഎസ്, ജപ്പാൻ, കാനഡ തുടങ്ങിയ രാജ്യങ്ങളിലും ഗിഫ്റ്റ് സിറ്റിയിലെ എൻഎസ്ഇ ഐ.എഫ്.എസ്.എസ്.സി എക്സ്ചേഞ്ചിലും ഫ്രാക്ഷണൽ ഓഹരികളുടെ വ്യാപാരം നടക്കുന്നുണ്ട്.




## ബ്രഹ്മോസ് മിസൈൽ നിർമാണ കേന്ദ്രം തിരുവനന്തപുരത്ത്; ജയിൽഭൂമി വിട്ടുനൽകും

**ന്യൂദൽഹി:** തിരുവനന്തപുരത്ത് ബ്രഹ്മോസ് മിസൈൽ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിനു ഭൂമിവിട്ടു കൊടുക്കാൻ സുപ്രീംകോടതിയുടെ അനുമതി. ഇതിനായി നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഉമസ്ഥതയിലുള്ള 180 ഏക്കർ ഡിആർഡിഒയ്ക്ക് കൈമാറാൻ കോടതി നിർദേശിച്ചു.

ജയിലിന്റെ ഭൂമിയിൽ നാഷനൽ ഫൊറൻസിക് സയൻസ് സർവകലാശാലയും സശസ്ത്ര സീമ ബൽ ബറ്റാലിയന്റെ ആസ്ഥാനം സ്ഥാപിക്കാനും ഭൂമി വിട്ടു നൽകാൻ കോടതി അനുമതി നൽകി. 32 ഏക്കർ ഭൂമി വീതമാണ് നാഷനൽ ഫൊറൻസിക് സർവകലാശാലയ്ക്കും സശസ്ത്ര സീമ ബലിനും കൈമാറുന്നത്.

നെട്ടുകാൽത്തേരി തുറന്ന ജയിലിന് 457 ഏക്കർ ഭൂമിയാണ് ഉള്ളത്. ഇതിൽ 200 ഏക്കർ ഭൂമി ജയിലിനായി നിലനിർത്തിയശേഷം 257 ഏക്കർ ഭൂമിയാണ് കേന്ദ്രസർക്കാരിനു കൈമാറാൻ പോകുന്നത്. ജയിലിന്റെ സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് കൈമാറണമെങ്കിൽ സുപ്രീം കോടതിയുടെ അനുമതി ആവശ്യമാണ്. അതിനാലാണ് സംസ്ഥാന സർക്കാർ ഭൂമി കൈമാറ്റത്തിന് സുപ്രീം കോടതിയുടെ അനുമതി തേടിയത്.

## യുപിഐയിൽ വീണ്ടും കുതിപ്പ്; നവംബറിൽ 1900 കോടിയിലധികം ഇടപാടുകൾ


**ന്യൂദൽഹി:** രാജ്യത്തെ ഡിജിറ്റൽ ഇടപാടുകളിൽ കുതിപ്പ് തുടർന്നു യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ്(യുപിഐ). നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) കണക്കുകൾ പ്രകാരം നവംബറിൽ 24.58 ലക്ഷം കോടി രൂപയുടെ 1,900 കോടിയിലധികം ഇടപാടുകളാണ് യുപിഐ വഴി നടന്നത്.

കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 1,548 കോടി ഇടപാടുകൾ വഴി 21.55 ലക്ഷം കോടി രൂപയാണ് കൈമാറ്റം ചെയ്യപ്പെട്ടത്. 2024നെ അപേക്ഷിച്ച് ഈ വർഷം ഇടപാടുകളുടെ എണ്ണത്തിൽ ഏകദേശം 23 ശതമാനത്തിന്റെയും മൂല്യത്തിൽ 14 ശതമാനത്തിന്റെയും വർധനയാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ യുപിഐ ഇടപാടുകളിൽ ഏകദേശം 70 ശതമാനവും മൂല്യത്തിൽ 41 ശതമാനത്തിലധികവും വർധനയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തെ വളർച്ച പരിശോധിക്കുമ്പോൾ, ഡിജിറ്റൽ പേയ്മെന്റുകളിലേക്കുള്ള ഇന്ത്യയുടെ മാറ്റം വ്യക്തമാണ്. 2021 നവംബറിൽ 418 കോടി ഇടപാടുകൾ (7.68 ലക്ഷം കോടി രൂപ) മാത്രമുണ്ടായിരുന്ന സ്ഥാനത്ത് നിന്നാണ് ഈ കുതിപ്പ്.

## പൊള്ളുന്ന വില ; മുരിങ്ങക്ക കിലോയ്ക്ക് 600 രൂപ കടന്നു

**കൊച്ചി:** മുരിങ്ങക്കായ്ക്ക് പൊള്ളുന്ന വില. കിലോയ്ക്ക് നിലവിൽ 600 രൂപയാണ് മുരിങ്ങക്ക വില.

രണ്ടാഴ്ചയ്ക്ക് മുൻപ് 130-150 രൂപയിൽ നിന്ന മുരിങ്ങക്കാ വിലയാണ് ഒറ്റയടിക്ക് 500 കടന്നത്. വില കൂടിയതോടെ വാങ്ങാനാളില്ലെന്ന് കണ്ട് വലിയ കടകൾ പോലും ഇപ്പോൾ മുരിങ്ങക്ക എടുക്കാത്ത അവസ്ഥ.



തമിഴ്നാട്ടിൽ നിന്നാണ് കേരളത്തിലേക്ക് മുരിങ്ങക്ക എത്തുന്നത്. സാധാരണയായി വരണ്ട കലാവസ്ഥയിൽ വളരുന്ന ഒന്നാണ് മുരിങ്ങക്ക. എന്നാലിപ്പോൾ തമിഴ്നാട്ടിൽ ഇടയ്ക്കിടയ്ക്കായി ലഭിക്കുന്ന മഴ മുരിങ്ങക്ക കൃഷിയെ വളരെ മോശമായി ബാധിച്ചതായാണ് കർഷകർ പറയുന്നത്. വിളവ് കുറഞ്ഞതോടെയാണ് മുരിങ്ങക്ക വില കുതിച്ചുയർന്നത്.

മുരിങ്ങയ്ക്കയ്ക്ക് മാത്രമല്ല പച്ചക്കറികൾക്കെല്ലാം വില കുതിച്ചുയരുന്നുണ്ട്. 35 രൂപയായിരുന്ന തക്കാളിക്ക് 65 രൂപയായി. 50 രൂപയുടെ കോവക്കയ്ക്ക് 70 രൂപയും 60 രൂപയായിരുന്ന ഉള്ളി വില 80 രൂപയുമായി.




## ടൈഗർ ഫുഡ്സ് ഇന്ത്യ യുഎഇ വിപണിയിലേക്ക്

**ദുബായ്:** ഇന്ത്യയിലെ പ്രമുഖ ഭക്ഷ്യ ബ്രാൻഡായ ടൈഗർ ഫുഡ്സ് ഇന്ത്യ യുഎഇ വിപണിയിലേക്ക് പ്രവേശിക്കുന്നു. ചായ് ഡ്രോപ്പ്സ്, നാച്ചുറൽ ഫുഡ് കളേഴ്സ്, ലിക്വിഡ് സീസണിംഗ് എന്നീ മൂന്ന് ഉത്പന്നങ്ങൾ അവതരിപ്പിച്ചാണ് ടൈഗർ ഫുഡ്സ് യുഎഇ വിപണിയിലേക്ക് എത്തുന്നത്. ദുബായിൽ നടന്ന ചടങ്ങിൽ ടൈഗർ ഫുഡ്സ് പുതിയ ഉത്പന്നങ്ങൾ അവതരിപ്പിച്ചു.

യുഎഇയിലെ പ്രമുഖ പ്രാദേശിക വിതരണ സ്ഥാപനമായ അബ്രീക്കോയുമായി ചേർന്നാണ് ടൈഗർ ഫുഡ്സ് യുഎഇ



വിപണിയിൽ പുതിയ ഉല്പന്നങ്ങൾ എത്തിക്കുന്നത്. ടൈഗർ ഫുഡ്സ് ഉത്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കാൻ അബ്രീക്കോയുയുടെ ശക്തമായ വിതരണ ശൃംഖലയും വിപുലമായ റീട്ടെയിൽ സാന്നിധ്യവും സഹായകരമാകുമെന്ന് കമ്പനി അധികൃതർ പറഞ്ഞു.

1983 മുതൽ ഇന്ത്യൻ വിപണിയിൽ ശുദ്ധി, പുതുമ, വിശ്വാസം എന്നിവയ്ക്ക് വേണ്ടി എപ്പോഴും നില കൊള്ളുന്ന ടൈഗർ ഫുഡ്സിനെ യുഎഇയിലേക്ക് എത്തിക്കുന്നതിൽ അഭിമാനിക്കുന്നുവെന്നു ടൈഗർ ഫുഡ് ഇൻഗ്രിഡിയൻറ്സ് ഉടമയും സിഇഒ യു മായ വൈ. മുഹമ്മദ് ഷിബിൻ ദുബായിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ടൈഗർ ഫുഡ്സ് ചീഫ് സ്ട്രാറ്റജി ഓഫീസറും ഉപദേഷ്ടാവുമായ സികന്ദർ ഖാൻ, ടൈഗർ ഫുഡ്സ് ഉടമയും സിഇഒയുമായ മുഹമ്മദ് ഷിബിൻ, അബ്രീക്കോ ഗ്രൂപ്പ് ഓഫ് കമ്പനീസ് സിഇഒ മുഹമ്മദ് ഷാജി, മുഹമ്മദ് അഫ്ഫാൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ചായ് ഡ്രോപ്സ്, നാചുറൽ ഫുഡ് കളേഴ്സ്, ലിക്വിഡ് സീസണിംഗ് എന്നിവയുടെ സവിശേഷതകളെക്കുറിച്ച് അധികൃതർ വിശദീകരിച്ചു. ശുദ്ധമായ ഘടകങ്ങൾ, സുസ്ഥിരത, ഗുണമേന്മ തുടങ്ങിയ ബ്രാൻഡിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാണ് യുഎഇ വിപണിയിലേക്ക് ടൈഗർ ഫുഡ്സ് പ്രവേശിക്കുന്നത് എന്നും അധികൃതർ വ്യക്തമാക്കി.



# ഗവ. സൈബർപാർക്കിൽ എയ്ഡ്സ് ദിന ബോധവൽക്കരണ പരിപാടി

**കോഴിക്കോട്:** എച്ച്ഐവി/എയ്ഡ്സിനെക്കുറിച്ച് ബോധവത്കരണവും ശരിയായ വിവരങ്ങളും സമൂഹത്തിന് നൽകുന്നതിന്റെ ഭാഗമായി ഗവ. സൈബർ പാർക്കിൽ എയ്ഡ്സ് ദിന പരിപാടി സംഘടിപ്പിച്ചു. ഗവ. സൈബർ പാർക്കിലെ ലിമെൻസി ടെക്നോളജീസിന്റെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി. സമൂഹം നേരിടുന്ന ഇത്തരം വിപത്തുകളെക്കുറിച്ച് പൊതുജനങ്ങളിൽ വിശിഷ്യാ യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്വകാര്യ മേഖല കാണിക്കുന്ന താത്പര്യം മാതൃകാപരമാണെന്ന് സൈബർപാർക്ക് സിഒഒ വിവേക് നായർ പറഞ്ഞു. എച്ച്ഐവി പോലുള്ള മഹാവിപത്തിനെതിരെ നിരന്തരമായ ബോധവത്കരണമാണ് മികച്ച പ്രതിരോധമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ രോഗാവസ്ഥയെക്കുറിച്ച് ബോധവാന്മാരാകുന്നതിനൊപ്പം സഹാനുഭൂതിയുള്ളതും ഉത്തരവാദിത്തപൂർണവുമായ സമൂഹം വളർത്തിയെടുക്കാനാണ് ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചതെന്ന് ലിമെൻസി ടെക്നോളജീസ് എംഡിയും സിഇഒയുമായ വിപിൻ ആനന്ദ് വി പി പറഞ്ഞു. ഗവ. സൈബർപാർക്കിലെ വിവിധ കമ്പനികളിൽ നിന്നായി നിരവധി ജീവനക്കാർ ബോധവത്കരണ പരിപാടിയിൽ പങ്കെടുത്തു. സൈബർപാർക്കിലെ വിവിധ കമ്പനി ജീവനക്കാർക്ക് ലിമെൻസി ടെക്നോളജീസിലെ വോളണ്ടിയർമാർ ബാഡ്ജ് നൽകി. കമ്പനി ഡയറക്ടർ കെ. സുവിത് ആദ്യ ബാഡ്ജ് കൈമാറി.

# നട്ടെല്ല് ശസ്ത്രക്രിയയെ ആധുനിക സാങ്കേതികവിദ്യ ലളിതമാക്കുന്നു

**കൊച്ചി:** നട്ടെല്ല് സംബന്ധമായ രോഗങ്ങൾക്കുള്ള ശസ്ത്രക്രിയയിൽ ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം കൂടുതൽ ഫലപ്രദമാകുന്നതായി പഠനങ്ങൾ. മിനിമലി ഇൻവേസീവ് ആൻഡ് എൻഡോസ്കോപ്പിക് നട്ടെല്ല് ശസ്ത്രക്രിയയിലൂടെ ശസ്ത്രക്രിയാ വിദഗ്ധരെ ഇപ്പോൾ ചെറിയ മുറിവ് മാത്രം വരുത്തി ശസ്ത്രക്രിയ നടത്താൻ സഹായിക്കുന്നതാണ് പുതിയ സാങ്കേതികവിദ്യ. ഇത് പേശികളുടെ സ്വാഭാവിക ഘടന സംരക്ഷിക്കുകയും വേഗത്തിലുള്ള രോഗവിമുക്തി നൽകുന്നതായും പഠനങ്ങൾ വ്യക്തമാക്കുന്നു.നാവിഗേഷൻ സിസ്റ്റങ്ങൾ, ഇൻട്രാ ഓപ്പറേറ്റീവ് ഇമേജിംഗ് എന്നിവ സംയോജിപ്പിക്കുന്നതിലൂടെ ഈ സാങ്കേതികവിദ്യ കൃത്യത വർദ്ധിപ്പിക്കുന്ന തത്സമയ ദൃശ്യങ്ങളും കാണിക്കുന്നു. ശസ്ത്രക്രിയയ്ക്കിടെ നാഡി സിഗ്നലുകൾ തുടർച്ചയായി പരിശോധിക്കുന്നതിലൂടെ ന്യൂറോമോണിറ്ററിംഗ് സംവിധാനങ്ങൾ മറ്റൊരു സംരക്ഷണ കവചം കൂടി നൽകുന്നതായും പഠനങ്ങൾ പറയുന്നു. തെറ്റായ ശരീരനില, ഉദാസീനമായ ശീലങ്ങൾ, വർദ്ധിച്ചുവരുന്ന സ്ക്രീൻ സമയം എന്നിവ എല്ലാ പ്രായക്കാരിലും നട്ടെല്ലിന്റെ തകരാറുകൾക്ക് കാരണമാകുന്നതായി ആരോഗ്യ വിദഗ്ധർ വ്യക്തമാക്കുന്നു. ശസ്ത്രക്രിയയിൽ ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം രോഗികൾക്ക് കുറഞ്ഞ ആശുപത്രിവാസം, കുറഞ്ഞ വേദന, ജോലിയിലേക്കോ സാധാരണ ജീവിതത്തിലേക്കോ വേഗത്തിൽ തിരിച്ചുപോകാവുന്ന സാഹചര്യം എന്നിവ സാധ്യമാക്കുന്നതായി കൊച്ചി ആസ്റ്റർ ആശുപത്രിയിലെ ന്യൂറോസ്പൈൻ സർജറി സീനിയർ കൺസൾട്ടന്റ് ഡോ. അനൂപ് പി നായർ പറഞ്ഞു.

# വോട്ടിംഗ് മെഷീൻ കമ്മീഷനിങ്ങ്

**കൊച്ചി:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 27 മുതൽ 51 വരെയുള്ള ഡിവിഷനുകളിൽ ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീൻ കമ്മീഷനിങ്ങ് പ്രവൃത്തി ഡിസംബർ 3 ന് രാവിലെ 8 മുതൽ എറണാകുളം മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും. 27 മുതൽ 51 ഡിവിഷനുകളിലെ സ്ഥാനാർത്ഥികളും / തിരഞ്ഞെടുപ്പ് ഏജന്റുമാരും കൃത്യ സമയത്തു തന്നെ എത്തിച്ചേരണമെന്ന് റിട്ടേണിങ് ഓഫീസർ അറിയിച്ചു.



# ദേശീയ സമുദ്രഗവേഷണ സഹകരണം ശക്തിപ്പെടുത്താൻ കുസാറ്റ്–ഭൂമിശാസ്ത്ര മന്ത്രാലയം ധാരണാപത്രം കൈമാറി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും കേന്ദ്ര സർക്കാരിന്റെ ഭൂമിശാസ്ത്ര മന്ത്രാലയവും ചേർന്ന് സമുദ്ര-ഭൂമി ശാസ്ത്ര മേഖലകളിലെ സംയുക്ത ഗവേഷണം, അക്കാദമിക് സഹകരണം, ശേഷി വർധന എന്നിവ ശക്തിപ്പെടുത്തുന്നതിനായി ധാരണാപത്രം കൈമാറി. സെന്റർ ഫോർ മറൈൻ ലിവിങ് റിസോഴ്സസ് ആൻഡ് എക്കോളജിയുടെ ഡയറക്ടറായ ഡോ. മഹേഷ് കുമാർ, കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ യു എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ഈ കരാറിന്റെ ഭാഗമായി, കുസാറ്റ് ഭൂമിശാസ്ത്ര മന്ത്രാലയത്തിനു കീഴിലുള്ള അഞ്ചു പ്രമുഖ ഗവേഷണ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഷ്യൻ ടെക്നോളജി, ചെന്നൈ, ഹൈദരാബാദ്, ഗോവ, പൂനെ, കൊച്ചി എന്നിവയുമായി സഹകരിക്കും.

ഗവേഷക വിദ്യാർത്ഥികളുടെ സംയുക്ത മാർഗനിർദേശം, ഇന്റേൺഷിപ്പുകൾ, ദേശീയ ഗവേഷണ സൗകര്യങ്ങളുടെ ഉപയോഗം, ഗവേഷണ കപ്പൽയാത്രകൾ, പോളാർ എക്സ്പെഡിഷനുകൾ, സമുദ്രനിരീക്ഷണ മിഷനുകൾ എന്നിവയിൽ പങ്കെടുക്കൽ എന്നിവ ഈ കരാറിലൂടെ സാധ്യമാകും.

ശാസ്ത്രജ്ഞൻ ഡോ. നോബി ഇ പി, മറ്റ് പ്രതിനിധികളും, കുസാറ്റ് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പി കെ ബേബി, ഡോ. സന്തോഷ്കുമാർ ജി, സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർ ഡോ. സതീശൻ കെ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്വപ്ന പി ആന്റണി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ദേശീയ സമുദ്ര ഗവേഷണ ശേഷി വർധിപ്പിക്കുന്നതിൽ ഈ സഹകരണം നിർണായക പങ്കുവഹിക്കുകയും കുസാറ്റിനെ രാജ്യത്തെ മുന്നണി സമുദ്രഗവേഷണ കേന്ദ്രമായി ഉയർത്തുകയും ചെയ്യും.




**പോണ്ടിച്ചേരിയിൽ നടന്ന അമ്പത്തിയഞ്ചാമത് ഐ എസ് ടി ഇ നാഷണൽ ഫാക്കൽറ്റി കോൺഫ്രൻസിൽ മുൻ കേന്ദ്ര കേന്ദ്രമന്ത്രിയും മുംബൈ പോലീസ് കമ്മീഷണറുമായിരുന്ന ഡോ. സത്യപാൽ സിങ് ൽ നിന്ന് ഡോ. പി ആർ മിനി, ഡോ ആഷാ ജോസഫ് എന്നിവർ ചേർന്നു അവാർഡ് ഏറ്റുവാങ്ങുന്നു. ഡോ കിരൺ രാജണ്ണ, ഡോ എം എസ് അലി, ഡോ. പ്രകാശ് ബാബു, ഡോ. പ്രതാപ്സിംഗ് ദേശായി തുടങ്ങിവർ സമീപം**

# ഫിസാറ്റിന് ഐ.എസ്.ടി.ഇ ദേശിയ അവാർഡ്

**കൊച്ചി:** അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിന് ദേശിയ അവാർഡ്. ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നൽകുന്ന ബേസ്ഡ് എമേർജിങ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇൻ ഇന്ത്യ അവാർഡ് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിന് ലഭിച്ചു. പോണ്ടിച്ചേരി മാങ്കുള വിനായകർ എൻജിനിയറിങ് കോളേജിൽ നടന്ന അമ്പത്തിയഞ്ചാമത് ഐ എസ് ടി ഇ നാഷണൽ ഫാക്കൽറ്റി കോൺവെൻഷനിൽ മുൻ കേന്ദ്ര കേന്ദ്രമന്ത്രിയും മുംബൈ പോലീസ് കമ്മീഷണറുമായിരുന്ന ഡോ. സത്യപാൽ സിങ് അവാർഡ് വിതരണം ചെയ്തു. ഫിസാറ്റിന് വേണ്ടി വൈസ് പ്രിൻസിപ്പൽ ഡോ. പി ആർ മിനി, ഐ എസ് ടി ഇ കോ ഓർഡിനേറ്റർ ഡോ. ആഷാ ജോസഫ് എന്നിവർ അവാർഡ് ഏറ്റുവാങ്ങി. കേരളത്തിൽ നിന്ന് ദേശിയ തലത്തിൽ മികച്ച എൻജിനിയറിങ് കോളേജിനുള്ള വിഭാഗത്തിൽ അവാർഡ് ലഭിക്കുന്ന ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഫിസാറ്റ് ആണ്. കേരളത്തിലെ മികച്ച ഐ എസ് ടി ഇ ഫാക്കൽറ്റി ചാപ്റ്റർ, മികച്ച അദ്ധ്യാപിക, ഏറ്റവും കൂടുതൽ ഐ എസ് ടി ഇ യുടെ പ്രോഗ്രാമുകൾ നടത്തിയതിനുള്ള അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങൾ ഫിസാറ്റിന് ഇതുവരെ ലഭിച്ചിട്ടുണ്ട്. കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം, സാങ്കേതിക വിദ്യയിലും, പഠന രംഗങ്ങളിലും പുലർത്തുന്ന മികവ് തുടങ്ങി നിരവധി ഘടകങ്ങൾ പരിശോധിച്ച ശേഷമാണ് ഫിസാറ്റിനെ ദേശിയ അവാർഡിനായി പരിഗണിച്ചത്. ചടങ്ങിൽ പോണ്ടിച്ചേരി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ, ഡോ പി പ്രകാശ് ബാബു, ഐ എസ് ടി ഇ ദേശിയ പ്രസിഡന്റ് പ്രതാപ്സിംഗ് ദേശായ്, ഐ എസ് ടി ഇ എക്സിക്യൂട്ടീവ് സെക്രട്ടറി എസ് എം അലി, നാഷണൽ സ്കിൽ ഡെവലൊപ്മെന്റ് കോർപറേഷൻ അഡൈ്വസർ ഡോ കിരൺ രാജണ്ണ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ക്രിസ്മസ് വിപണി ഉണർന്നു

**കോതമംഗലം:** ക്രിസ്മസ് വിപണി ഉണർന്നു. കടകളിൽ വിവിധ ഇനം നക്ഷത്രങ്ങളും, പുൽക്കൂട് സെറ്റുകളും , ഇലൂമിനേഷൻ ലൈറ്റുകളും, അലങ്കാര വസ്തുക്കളും, ക്രിസ്മസ് പാപ്പാ ഡ്രസുകളും അടക്കം കടകളിൽ നിരന്നു തുടങ്ങി. മറ്റുള്ളവയെയെല്ലാം സൈഡാക്കി, ക്രിസ്മസ് കാല ഉത്പന്നങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള ഡിസ്പ്ലേയിലേക്കും വ്യാപാരസ്ഥാപനങ്ങൾ മാറി. പുതുമയുള്ള നിയോൺ നക്ഷത്രങ്ങളാണ് ഇത്തവണത്തെ താരം. കൂടുതൽ വ്യത്യസ്തതയുള്ളവ ഇനിയും വരാനുണ്ടെന്ന് വ്യാപാരികൾ പറയുന്നു.



ബേക്കറികളിൽ ഇക്കുറി ഇംഗ്ലീഷ് ഫ്രൂഡ് കേക്ക്, പ്ലം ഫീയെസ്റ്റസ്, പ്ലം സെലിബ്രേഷൻ, ജാഗരി മില്ലറ്റ് കേക്ക്, ഷുഗർലസ് പ്ലം കേക്ക്, ഗിഫ്റ്റ് ഹാബേഷ് തുടങ്ങിയവയാണ് താരങ്ങൾ. മുൻകാലങ്ങളിൽ വിപണി കൈയടക്കിയ പ്ലം, കാരറ്റ്, മാർബിൾ, ബ്ലാക്ക് ഫോറസ്റ്റ്, വൈറ്റ് ഫോറസ്റ്റ് കേക്കുകളും വിപണിയിലുണ്ട്.വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും ക്രിസ്തുമസ് വിപണി ലക്ഷ്യമിട്ടുള്ള കളക്ഷനുകൾ എത്തി.തെരഞ്ഞെടുപ്പുകാലം തുടക്കത്തിൽ പ്രതികൂലമാകുമെന്ന ആശങ്കയുമുണ്ട്. പിന്നീട് വിപണി സജീവമാകുമെന്നാണ് പ്രതീക്ഷ.

# കലൂർ കത്യക്കടവ് പള്ളിയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ഇന്നുമുതൽ

**കൊച്ചി:** കലൂർ കത്യക്കടവ് പള്ളിയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ 134 മത് കൊമ്പ്രേരിയ തിരുനാൾ ഡിസംബർ 3 ബുധനാഴ്ച ആരംഭിച്ച് 7 ഞായറാഴ്ച അവസാനിക്കും. 3 ബുധനാഴ്ച വൈകുന്നേരം 5 30ന് തിരുനാൾ കൊടികയറ്റത്തിനും പൊന്തിഫിക്കൽ ദിവ്യബലിക്കും വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ മുഖ്യകാർമികത്വം വഹിക്കും.

വചനപ്രഘോഷണം ഫാ. സ്റ്റാൻലി മാതിരപ്പിള്ളി നടത്തും. 4 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ദിവ്യബലിക്ക് ഫാ. ജെറോം ചമ്മിണിക്കോടത്ത് മുഖ്യകാർമികനും ഫാ. ജോഷി മയ്യാറ്റിൽ വചനപ്രഘോഷകനും ആയിരിക്കും. 5 വെള്ളിയാഴ്ച വൈകുന്നേരം 5.30 പ്രസുദേന്തി വാഴ്ച തുടർന്ന് ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ മുഖ്യകാർമികനും ഫാ. ജോൺസൺ തോട്ടുങ്കൽ വചനപ്രഘോഷകനും ആയിരിക്കും. രാത്രി 8:00 മണിക്ക് പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഗാനമേള. 6 ശനിയാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് തിരുസ്വരൂപം എഴുന്നള്ളിച്ചു വെക്കൽ തുടർന്ന് ആറുമണിക്ക് ദിവ്യബലിക്ക് മോൺ. സെബാസ്റ്റ്യൻ ലൂയിസ് മുഖ്യകാർമികനും ഫാ. നെൽസൺ ജോബ് വചനപ്രഘോഷകനും ആയിരിക്കും.

തുടർന്ന് പ്രദക്ഷിണം വടക്ക് ഭാഗത്തേക്ക്. ഇടവക ദേവാലയം പുതുക്കി പണികഴിപ്പിച്ചിട്ട് 25 വർഷം തികയുന്ന ജൂബിലി വർഷ ഉദ്ഘാടനം ഡിസംബർ 7 ഞായറാഴ്ച തിരുനാൾ സമാപനദിവസം രാവിലെ 9 15ന് ഗോവൻ ആർച്ച് ബിഷപ്പ് കർദിനാൾ ഡോ. ഫിലിപ്പ് നേരി ഫെറാവോ നിർവഹിക്കും.

തുടർന്ന് 9.30ന് തിരുനാൾ ദിവ്യബലിക്ക് സിസിബിഐ ഡെപ്യൂട്ടി സെക്രട്ടറി ഫാ.ഡോ. സ്റ്റീഫൻ ആലത്തറ മുഖ്യകാർമികനും ഫാ. ജോസ് തോമസ് വചനപ്രഘോഷകനും വൈകുന്നേരം 5 30ന് തിരുനാൾ ദിവ്യബലിക്ക് ഫാ. ജൂഡിസ് പനക്കൽ മുഖ്യകാർമികനും ഫാ. ആൻഡ്രൂസ് പുത്തൻപുരക്കൽ വചനപ്രഘോഷകനും ആയിരിക്കും.

തുടർന്ന് പ്രദക്ഷിണം തെക്ക് ഭാഗത്തേക്ക്. ആഞ്ഞിപ്പറമ്പിൽ കുടുംബാംഗങ്ങളായ റാണി റാഫേൽ, അലൻ റാഫേൽ, അനിൽ റാഫേൽ എന്നിവരാണ് ഈ വർഷത്തെ തിരുനാൾ പ്രസുദേന്തിമാർ.

# അതിക്രമങ്ങളിൽ പതറാതിരിക്കാൻ ഓർക്കുക 181 ഹെൽപ്പ് ലൈൻ

## ഇതുവരെ തുണയായയത് 5.66 ലക്ഷം സ്ത്രീകൾക്കും കുട്ടികൾക്കും

**തിരുവനന്തപുരം:** വിവിധതരം വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ ഉറപ്പാക്കി മിത്ര 181 ഹെൽപ്പ് ലൈൻ. കൂടുതൽ സ്ത്രീകൾക്ക് സഹായകരമാകുന്ന രീതിയിൽ സേവനം വിപുലപ്പെടുത്തിയിരുന്നു. 181 എന്ന ടോൾ ഫ്രീ നമ്പരിലൂടെ വനിതകൾക്ക് എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും 24 മണിക്കൂറും ലഭ്യമാക്കി. 2017ൽ ഹെൽപ്പ് ലൈൻ ആരംഭിച്ചത് മുതൽ ഇതുവരെ 5,66,412 കോളുകൾ ആണ് ഹെൽപ്പ് ലൈനിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. അതിൽ ആവശ്യമായ രണ്ടു ലക്ഷത്തോളം കേസുകളിൽ പൂർണ്ണ സഹായമെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്

എല്ലാ സ്ത്രീകളും മിത്ര 181 നമ്പർ ഓർത്ത് വയ്ക്കണമെന്നും അത്യാവശ്യ ഘട്ടങ്ങളിൽ സേവനം പ്രയോജനപ്പെടുത്തണമെന്നും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു. സ്വകാര്യത നിലനിർത്തിക്കൊണ്ട് തന്നെ നീതി ലഭിക്കാൻ, പ്രതിസന്ധികളെ അതിജീവിക്കാൻ, ജീവിതത്തിലെ സ്വപ്നങ്ങൾ തിരിച്ചുപിടിക്കാൻ സംസ്ഥാന സർക്കാരും വനിത വികസന കോർപ്പറേഷനും ഒപ്പം ഉണ്ട്. കൗൺസലിങ്ങ്, നിയമോപദേശം, അടിയന്തര സംരക്ഷണം തുടങ്ങിയ സഹായങ്ങളുമായി 24 മണിക്കൂറും 181 ഹെൽപ്പ് ലൈൻ നിങ്ങൾക്കായുണ്ട്. മടിക്കേണ്ടതില്ല. നേരിട്ട് വിളിക്കാം.

മിത്ര 181 ഹെൽപ്പ് ലൈനിലേക്ക് വിളിക്കുന്നവർക്ക് പോലീസ്, ആശുപത്രി, ആംബുലൻസ് സേവനങ്ങൾ, മറ്റ് സംവിധാനങ്ങൾ പോലുള്ള ഉചിതമായ ഏജൻസികളിലേക്കുള്ള റഫറലുകൾ വഴി സേവനം ഉറപ്പാക്കുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗാർഹിക പീഡനം അല്ലെങ്കിൽ മറ്റ് തരത്തിലുള്ള പീഡനങ്ങൾ നേരിടുന്ന സ്ത്രീകൾ, ട്രാൻസ്ജെൻഡർ എന്നിവർക്ക് മിത്ര 181 ഹെൽപ്പ് ലൈനിന്റെ 24/7 സേവനങ്ങൾ പ്രയോജനപ്പെടുത്താം. സ്ത്രീകൾക്ക് നീതിയും സുരക്ഷയും ഉറപ്പുവരുത്താൻ കർമ്മനിരതമാണ് മിത്ര 181. ശരാശരി 300 കോളുകളാണ് പ്രതിദിനം മിത്ര 181ൽ എത്തുന്നത്. പ്രതിസന്ധി ഘട്ടങ്ങളിൽ വിളിക്കുന്ന കോളുകളും വിവരാന്വേഷണത്തിനായി വിളിക്കുന്ന കോളുകളുമാണ് അധികവും. 3 ഷിഫ്റ്റുകളിൽ 12 വനിതകളാണ് മിത്ര 181ൽ സേവനമനുഷ്ഠിക്കുന്നത്. നിയമം അല്ലെങ്കിൽ സോഷ്യൽവർക്ക് മേഖലയിൽ ഉന്നത വിദ്യാഭ്യാസമുള്ളവരെയാണ് ഇതിൽ നിയമിച്ചിട്ടുള്ളത്. വിദഗ്ധ പരിശീലനവും തുടർ പരിശീലനവും ഇവർക്ക് ഉറപ്പ് വരുത്തിയിട്ടുണ്ട്.

# കാൻസർ പ്രതിരോധ സംഗമം ജനുവരി 16 മുതൽ 18 വരെ തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** സ്വസ്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ അമേരിക്കയിലെ മയോ ക്ലിനിക്, ലോകാരോഗ്യ സംഘടന, രാജ്യത്തിനകത്തും പുറത്തുമുള്ള കാൻസർ രോഗ വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് കാൻസർ പ്രതിരോധ സംഗമം ജനുവരി 16 മുതൽ 18 വരെ കോവളത്ത് ഹയാത്ത് റീജൻസിയിൽ നടക്കും. കാൻസർ സേഫ് കേരള എന്നതാണ് സംഗമത്തിന്റെ ലക്ഷ്യം. കാൻസർ വരാനുള്ള സാധ്യത എങ്ങനെ തടയാം, പ്രതിരോധിക്കാം, കുറയ്ക്കാം എന്നതിനെക്കുറിച്ചാണ് സംഗമത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്.



കേരള അസോസിയേഷൻ ഓഫ് സർജിക്കൽ ഓങ്കോളജിസ്റ്റ്സ്, ഇന്ത്യൻ റേഡിയോളജി ആൻഡ് ഇമേജിങ് അസോസിയേഷൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ – കേരള സംസ്ഥാന ശാഖ, അസോസിയേഷൻ ഓഫ് റേഡിയേഷൻ ഓങ്കോളജിസ്റ്റ്സ് ഓഫ് ഇന്ത്യ – കേരള സംസ്ഥാന ഘടകം,

കേരള മെഡിക്കൽ ആൻഡ് പീഡിയാട്രിക് ഓങ്കോളജിസ്റ്റ്സ് അസോസിയേഷൻ എന്നീ സംഘടനകളും രാജ്യാന്തര ക്യാൻസർ കെയർ നെറ്റ്‌വർക്ക്, വേൾഡ് മലയാളി കൗൺസിൽ, കേരള ആരോഗ്യ സർവകലാശാല, ആസ്റ്റർ ഇന്ത്യ, അപ്പോളോ ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ്, എസ് യു ടി ആശുപത്രി പട്ടം, ഗോകുലം മെഡിക്കൽ കോളജ്, നിംസ് മെഡിസിറ്റി, എസ്. കെ ഹോസ്പിറ്റൽ, ജിജി ഹോസ്പിറ്റൽ, പ്രാണ് ആശുപത്രി, ഹാൻസ് ഫൗണ്ടേഷൻ, മലബാർ കാൻസർ കെയർ സൊസൈറ്റി, എന്നീ സംഘടനകളും ആശുപത്രികളുമാണ് ഇതിന് മുൻകൈയെടുക്കുന്നത്.

മയോ ക്ലിനിക്കിൽ നിന്നുള്ള ഡോക്ടർമാർ, ലോകാരോഗ്യ സംഘടന, ചൈന, റഷ്യ, ആംസ്റ്റർ ഡാം, ബഹ്റിൻ, ഒമാൻ, കാനഡ, ടാറ്റ മെമ്മോറിയൽ ആശുപത്രി, ആസ്റ്റർ ഇന്ത്യ, അപ്പോളോ ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ്, കേരള സർക്കാരിന്റെ കീഴിലുള്ള 3 ക്യാൻസർ സെന്ററിൽ ഉള്ള വിദഗ്ധർ, തുടങ്ങി ലോകപ്രശസ്തരായിട്ടുള്ള 200 ഓളം ഡോക്ടർമാർ പങ്കെടുക്കുന്നു.



# ബൈബിൾ പാരായണ മാസം ആചരിക്കുന്നു

**കൊച്ചി;** ക്രിസ്തുമസിന്റെ ഓർമ ആചരിക്കുന്ന ഡിസംബർ മാസം ബൈബിൾ പാരായണമാസമായി കേരളസഭത്തോലിക്കാ സഭ ആചരിക്കുന്നു. വചന പാരായണമാസത്തിന്റെ ഉദ്ഘാടനം വരാപ്പുഴ പുത്തൻപള്ളിയിൽ നടന്ന ചടങ്ങിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് ജെയിംസ് ആനാപറമ്പിൽ നിർവ്വഹിച്ചു. ബൈബിൾ പാരായണം ഈ കാലഘട്ടത്തിൽ സമൂഹത്തിൽ നന്മകൾ നിറയാൻ കാരണമാകുമെന്ന് മാർ ജെയിംസ് ആനാപറമ്പിൽ പറഞ്ഞു. പാരായണം നല്ല മനുഷ്യരാകാനുള്ള പരിശ്രമത്തിന്റെ വഴിയാണെന്ന് കെ.സി.ബി.സി. വൈസ്ചെയർമാൻ ബിഷപ് പോളി കണ്ണൂക്കാടൻ പറഞ്ഞു. ഫാ. ജോൺസൺ പുതുശ്ശേരി, ഫാ. ജോസഫ് താമരവെളി, ചേരാനെല്ലൂർ വികാരി ഫാ. രാജീവ്, കാറളം വികാരി ഫാ. ജീസൺ കാട്ടൂക്കാരൻ, ഫാ. ജോസഫ് വിതയത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ബൈബിൾ പാരായണമാസസമാപനം കോട്ടപ്പുറം രൂപത കത്തീഡ്രൽ ദൈവാലയത്തിൽ ഡിസംബർ 28ന് ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ നിർവഹിക്കും. ഈ ജൂബിലി വർഷത്തിലെ ബൈബിൾ പാരായണം കേരളത്തിലെ എല്ലാ രൂപതകളിലും നടക്കുന്നുണ്ടെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോജു കോക്കാട്ട് അറിയിച്ചു.

# ഭിന്നശേഷി ദിനാഘോഷം അഞ്ചിന്; 200 ലധികം കലാകാരന്മാർ അണിനിരക്കും

**കൊച്ചി:** ഡിസംബർ 3ലെ അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണം 200ലേറെ ഭിന്നശേഷി കലാകാരന്മാരുടെ സംഗീത, നൃത്ത, ഹാസ്യപരിപാടികളോടെ ആഘോഷിക്കാൻ കൊച്ചി. ഡിസംബർ 5ന് കൊച്ചിയിലെ ദർബാർ ഹാൾ ഗ്രൗണ്ടിൽ നടക്കുന്ന ഫ്ളൈവിംഗ്സ് മെഗാഷോ 2025 പരിപാടി വൈകുന്നേരം നാലിന് ആരംഭിക്കുമെന്ന് സംഘാടകരായ ഫ്ളൈവിംഗ്സ് മെഗാഷോ ഇവന്റ്സ് ഡയറക്ടറും ഭിന്നശേഷിക്കാരനുമായ സൈമൺ ജോർജ് അറിയിച്ചു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡിടിപിസി), കേരള ചേംബർ ഓഫ് കോമേഴ്സ്, ലയൺസ് ക്ലബ് എറണാകുളം ഡിസ്ട്രിക്റ്റ്, നഗരത്തിലെ കോളജുകൾ എന്നീ സ്ഥാപനങ്ങളും സംഘടനകളുമായി സഹകരിച്ചാണ് പരിപാടി. പ്രവേശനം സൗജന്യമായിരിക്കും. കലയിലൂടെ പരിമിതികൾ മറികടക്കുക എന്നതാണ് ഈ വർഷത്തെ ആഘോഷപരിപാടികളുടെ ഇതിവൃത്തം. വൈക്കം വിജയലക്ഷ്മി, ഗിന്നസ് പക്രു, റിതിക് രാജൻ, രാഹുൽ രാജ്, പി വാസന്തി, ശ്രീലത ചേർത്തല, പൂജാ രമേശൻ, റിമ ജോയ്, വിഷ്ണു പരശുറാം തുടങ്ങി കാഴ്ച, ശ്രവണ, ചലന വെല്ലുവിളികൾ നേരിടുന്ന 200ഓളം ഭിന്നശേഷി കലാകാരന്മാലർ പങ്കെടുക്കുന്ന ഫ്ളൈവിംഗ്സ് മെഗാഷോയിൽ കോമഡി ഷോ, ശിങ്കാരിമേളം, ഫ്യൂഷൻ മ്യൂസിക്, വീൽചെയർ ഡാൻസ്, സിനിമാറ്റിക് ഡാൻസ്, സുംബാ ഡാൻസ്, ഫാഷൻ ഷോ തുടങ്ങിയ വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. സിനിമാതാരം ഗിന്നസ് പക്രുവാണ് കോമഡി ഷോയ്ക്ക് നേതൃത്വം നൽകുന്നത്. രാഹുൽ രാജ് ഫ്യൂഷൻ മ്യൂസിക്കും ഗായിക വൈക്കം വിജയലക്ഷ്മി ഗാനമേളയും അവതരിപ്പിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ ഭിന്നശേഷി സൗഹൃദ കലാ പ്ലാറ്റ്ഫോമാണ് 2010 മുതൽ പ്രവർത്തിക്കുന്ന ഫ്ളൈവിംഗ്സ്. ഭിന്നശേഷിയുള്ളവർക്ക് ആത്മവിശ്വാസത്തോടെ മുഖ്യധാരയിൽ കടന്നുവരാൻ ആവശ്യമായ പൊതുജന പിന്തുണ ആർജിക്കുകയാണ് ആഘോഷ പരിപാടിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സൈമൺ ജോർജ് പറഞ്ഞു.

# കിലോ ബസാർ ഷോറൂം ഇരിങ്ങാലക്കുടയിൽ

**കൊച്ചി:** കിലോ ബസാറിന്റെ 29മത് ഷോറൂം ഇപ്പോൾ ഇരിങ്ങാലക്കുടയിലെ എടത്തിരിഞ്ഞി സർവീസ് സഹകരണ ബാങ്കിന് സമീപം പ്രവർത്തനം ആരംഭിച്ചു. ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സാനിറ്ററി വെയേഴ്സ്, ബാത്ത്ഫിറ്റിങ്സ്, ആക്സസറീസ് തുടങ്ങി നിരവധി കളക്ഷനുകൾ വമ്പൻ വിലക്കുറവും പ്രത്യേക ഓഫറുകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കൂടാതെ സംസ്ഥാനത്തെ മറ്റു എല്ലാ ബ്രാഞ്ചുകളിലും ആകർഷകമായ ഡിസ്കൗണ്ടുകളും പ്രമോഷനുകളും ലഭ്യമാക്കിയിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു.

# ജില്ലാ സ്കൂൾ കലോത്സവ കിരീടം തിരികെപ്പിടിച്ച് സെന്റ് തെരേസാസ്

**കൊച്ചി:** പോയവർഷം കുറുപ്പുംപടിയിൽ നേരിയ വ്യത്യാസത്തിൽ നഷ്ടമായ ജില്ലാ സ്കൂൾ കലോത്സവ കിരീടം തിരികെപ്പിടിച്ച് എറണാകുളം സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ. ഇന്നലെ നടന്ന ഹൈസ്കൂൾ വിഭാഗം ബാൻഡ്മേളം മത്സരത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയാണ് സെന്റ് തെരേസാസിന്റെ ഓവറോൾ സ്കൂൾ കിരീടധാരണം. 306 പോയിന്റോടെയാണ് സ്കൂൾ 2023ലെ നേട്ടം ആവർത്തിച്ചത്. നിലവിലെ ചാമ്പ്യൻമാരായ ആലുവ വിദ്യാധിരാജ സ്കൂൾ 301 പോയിന്റുമായി റണ്ണേഴ്സ് അപ്പായി. മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് ഗേൾസ് എച്ച്എസ്എസ് മൂന്നാം സ്ഥാനം നിലനിർത്തി (267). വൈപ്പിൻ എടവനക്കാട് ഹിദായത്തുൽ ഇസ്ലാം എച്ച്എസ്എസ് (217) നാലാം സ്ഥാനവും, ചെറായി സഹോദരൻ മെമ്മോറിയൽ എച്ച്എസ്എസ് (185) അഞ്ചാം സ്ഥാനവും നേടി. ഹയർ സെക്കണ്ടറി വിഭാഗത്തിൽ 141 പോയിന്റോടെ ജേതാക്കളായ സെന്റ് തെരേസാസ് സ്കൂൾ, ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാധിരാജക്ക് പിന്നിൽ രണ്ടാം സ്ഥാനക്കാരായി. യുപി വിഭാഗത്തിൽ 25 പോയിന്റുകൾ ലഭിച്ചു.

നേരത്തേ ഓവറോൾ ജേതാക്കളായ എറണാകുളം ഉപജില്ല പത്ത് പോയിന്റ് കൂടി കൂട്ടിച്ചേർത്ത് ആകെ പോയിന്റ് നേട്ടം 1020 ആക്കി. റണ്ണേഴ്സ് അപ്പായ ആലുവയും എട്ട് പോയിന്റ് അധികം ചേർത്തു (943). മൂന്നാം സ്ഥാനക്കാരായ നോർത്ത് പറവൂർ (926) ഉപജില്ലയുടെ പോയിന്റിൽ മാറ്റമില്ല. മട്ടാഞ്ചേരി (880), മൂവാറ്റുപുഴ (816) ഉപജില്ലകൾ യഥാക്രമം നാലും അഞ്ചും പടിയിൽ ഫിനിഷ് ചെയ്തു. വിധി കർത്താക്കൾക്കെതിരെയുള്ള പരാതിയെ തുടർന്ന് മാറ്റിവച്ച മത്സരമാണ് ചൊവ്വാഴ്ച്ച എറണാകുളം സെന്റ് ആൽബേർട്ട് സ്കൂൾ ഗ്രൗണ്ടിൽ അരങ്ങേറിയത്. മത്സരത്തിന് മുമ്പേ കിരീടമുറപ്പിച്ച സെന്റ് തെരേസാസിന് ബാൻഡ്മേളത്തിലെ ഒന്നാം സ്ഥാനം ഇരട്ടിമധുരമായി.

നവംബർ 29ന് മറ്റു മത്സര ഇനങ്ങളെല്ലാം സമാപിച്ചപ്പോൾ 301 പോയിന്റുമായി വിദ്യാധിരാജ വിദ്യാഭവനൊപ്പം ഒന്നാം സ്ഥാനം പങ്കിടുകയായിരുന്നു സെന്റ് തെരേസാസ്. ബാൻഡ്മേളത്തിൽ വിദ്യാധിരാജ സ്കൂളിന് പ്രാതിനിധ്യമില്ലാത്തതിനാൽ സെന്റ് തെരേസാസ് കിരീടം ഉറപ്പാക്കിയിരുന്നു. ഇഷേൽ ആന്റണി ആയിരുന്നു ടീം ക്യാപ്റ്റൻ. ആറ് ടീമുകൾ പങ്കെടുത്ത മത്സരത്തിൽ നാലു ടീമുകൾക്ക് മാത്രമാണ് എ ഗ്രേഡ് നേടാനായത്. രണ്ട് ടീമുകൾ ബി ഗ്രേഡായി.



# പൊതുപരിപാടികളിൽ സംഗീത ലൈസൻസ് നിരക്ക് ഏകീകരിക്കണം; ഇമാക്

**കൊച്ചി:** പൊതുപരിപാടികളിൽ സംഗീതം ഉപയോഗിക്കുന്നതിന് നിലവിലുള്ള താരിഫ് നിരക്കുകൾ നിയന്ത്രിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. സുതാര്യവും ഏകീകൃതവുമായ ഒരു ലൈസൻസിംഗ് സംവിധാനം നടപ്പിലാക്കണമെന്നാണ് അസോസിയേഷന്റെ പ്രധാന ആവശ്യം. നിലവിൽ ചില സ്വകാര്യ ഏജൻസികൾ വിവാഹമുൾപ്പെടെയുള്ള സ്വകാര്യ ചടങ്ങുകളിൽ പോലും സംഗീതം ഉപയോഗിക്കുന്നതിന് അമിതമായ ഫീസും ലൈസൻസും ആവശ്യപ്പെടുന്നതാണ് ഈ മേഖലയിലെ പ്രതിസന്ധിക്ക് കാരണം. വാണിജ്യാവശ്യത്തിലുള്ള ഉപയോഗങ്ങൾക്കായി ഇറക്കിയ നിയമങ്ങൾ ഈ ഏജൻസികൾ ദുരുപയോഗം ചെയ്യുകയാണെന്നും അസോസിയേഷൻ ഭാരവാഹികൾ ചൂണ്ടിക്കാട്ടി. ഏജൻസികൾ അവരുടെ ഇഷ്ടാനുസരണം നടത്തുന്ന വിലവർദ്ധനവ് തടയുക, സർക്കാരിന്റെ അനുമതിയോടെ മാത്രം നിരക്കിൽ മാറ്റങ്ങൾ വരുത്തുക എന്നിവയാണ് ഇമാക് മുന്നോട്ടുവെയ്ക്കുന്ന പ്രധാന ആവശ്യങ്ങൾ. കൂടാതെ, ഏകജാലക നികുതി സമ്പ്രദായം നടപ്പിലാക്കണമെന്നും ആഡംബര സ്വഭാവമില്ലാത്ത പരിപാടികൾ നടക്കുന്ന വേദികളിലെ ലൈസൻസ് ഫീസ് കുറയ്ക്കാൻ സംസ്ഥാന സർക്കാർ ഇടപെടണമെന്നും, ഈ പ്രതിസന്ധിക്ക് ഒരു ശാശ്വത പരിഹാരം കാണാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നും ഇമാക് ഭാരവാഹികൾ വ്യക്തമാക്കി.

അനധികൃതമായി ഫീസ് ഈടാക്കുന്നതിനെതിരെ നിയമപരമായി നീങ്ങാനും ഇതിനായി വ്യവസായ മേഖലയെ ഒരുമിപ്പിക്കാനും സംഘടന തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യാൻ ഡിസംബർ നാലിന് വൈകുന്നേരം മൂന്നു മണിക്ക് കളമശ്ശേരിയിലെ ചക്കോളാസ് പവലിയനിൽ വ്യവസായ സംഗമം സംഘടിപ്പിച്ചിട്ടുണ്ട്. ദേശീയ സംഘടനയായ ഇ.ഇ.എം.എയുടെ ജനറൽ സെക്രട്ടറി അങ്കുർ കാൽറ, ഇമാക് അംഗങ്ങൾ, ഇവന്റ് കമ്പനി ഉടമകൾ, ഹോട്ടൽ കൺവെൻഷൻ സെന്റർ ഉടമകൾ, കലാകാരന്മാർ എന്നിവർ യോഗത്തിൽ പങ്കെടുക്കും. പൊതുപരിപാടികളിൽ പാട്ടുവെയ്ക്കുന്നതിന് ഇത്രയും ഉയർന്ന തുക ഫീസായി ആവശ്യപ്പെടുന്നത് ഇവന്റ് മാനേജ്മെന്റ് രംഗത്ത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇതിനെതിരെ അടിയന്തര നടപടികൾ ഉണ്ടാകേണ്ടതുണ്ടെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു. ഇമാക് പ്രസിഡന്റ് രാജു കണ്ണമ്പുഴ, ജനറൽ സെക്രട്ടറി ബഹന്നാൻ കെ. അരീക്കൽ, ട്രഷറർ പ്രവീൺ ചന്ദ്രൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



## മലിനജല സംസ്ക്കരണം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുസംവിധാനം ഏർപ്പെടുത്തണം: കെ.എച്ച്.ആർ.എ

**കൊച്ചി:** മലിനജല സംസ്ക്കരണത്തിന് പൊതുസംവിധാനം ഏർപ്പെടുത്തുമെന്ന് ഇത്തവണത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ രാഷ്ട്രീയപാർട്ടികൾ ഉൾപ്പെടുത്തണമെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാസമ്മേളനം ആവശ്യപ്പെട്ടു. എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ നടന്ന സമ്മേളനം വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരൻ അദ്ധ്യക്ഷതവഹിച്ചു, സംസ്ഥാന ജനറൽ സെക്രട്ടറി ജി. ജയപാൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാസെക്രട്ടറി കെ. ടി. റഹിം, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രസാദ് ആനന്ദഭവൻ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ബി. വിജയകുമാർ, അസീസ് മൂസ, വി. ടി. ഹരിഹരൻ, കെ. എം. രാജ, സംസ്ഥാന സെക്രട്ടറി അബ്ദുൾ സമദ്, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. പാർത്ഥസാരഥി, ജില്ലാ ട്രഷറർ സി. കെ. അനിൽ എന്നിവർ സംസാരിച്ചു.ഉച്ചകഴിഞ്ഞു നടന്ന കുടുംബസംഗമം സിനിമാതാരം മല്ലിക സുകുമാരൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ മുഹമ്മദ് ഷെരീഫ്, സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. സുഗുണൻ വിവിധ ജില്ലകളിൽനിന്നുള്ള ഭാരവാഹികൾ തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ ഭീഷ്മാചാര്യ പുരസ്കാരം നൽകി മുതിർന്ന നേതാവ് സി. ജെ. ചാർളിയേയും, യങ് എന്റർപ്രണർ അവാർഡ് നൽകി എറണാകുളം ഐഡയിൽ കഫെ ഉടമ അശ്വിൻ ദീപകിനേയും, സാമൂഹ്യസേവന പുരസ്കാരം നൽകി മസാഫി റെസ്റ്റോറന്റ് ഉടമ സഹീറിനെയും ആദരിച്ചു. കൂടാതെ കലാമത്സരങ്ങളിലും, വിദ്യാഭ്യാസ മേഖലയിലും മികച്ച പ്രകടനം നടത്തിയ ഹോട്ടലുടമകളുടെ മക്കളെ അനുമോദിക്കുകയും ചെയ്തു.

## താത്കാലിക നിയമനം

**കൊച്ചി:** സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വർക്കിങ് വുമൺസ് ഹോസ്റ്റലിൽ വിവിധ തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. ഹോസ്റ്റൽ വാർഡൻ (ഇടപ്പള്ളി), ഹോസ്റ്റൽ മേട്രൻ (കാക്കനാട്), ഹോസ്റ്റൽ വാർഡൻ (കാക്കനാട്) എന്നീ തസ്തികകളിലേക്കാണ് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. നിയമനത്തിനുള്ള അഭിമുഖം ഡിസംബർ എട്ടിന് രാവിലെ 11.30 ന് എറണാകുളം ഡിവിഷൻ ഓഫീസിൽ നടക്കും. അപേക്ഷകൾ kshbekmdn@gm-a-i-l.com എന്ന ഇമെയിൽ വഴിയും അയക്കാം. ഇമെയിൽ അയക്കുമ്പോൾ സബ്ജക്ട് ലൈനിൽ അപേക്ഷിക്കുന്ന തസ്തികയുടെ പേര് സൂചിപ്പിക്കണം. ജില്ലയിലുള്ളവർക്കാണ് മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 6. യോഗ്യത എസ്.എസ്.എൽ.സി. കൂടുതൽ വിവരങ്ങൾക്ക് 04842369059 എന്ന നമ്പറിലോ ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നേരിട്ടോ ബന്ധപ്പെടാം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സമഗ്രശിക്ഷാ കേരളം, എറണാകുളം ജില്ലാകാര്യാലയത്തിന്റെ ഔദ്യോഗിക യാത്രകൾക്കായി വാഹനം ലഭ്യമാക്കുന്നതിന് മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ടാക്സി പെർമിറ്റുള്ള സെവൻസീറ്റർ വാഹനം പ്രതിമാസ വാടക അടിസ്ഥാനത്തിലാണ് ലഭ്യമാക്കേണ്ടത്. ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ ഡിസംബർ 6 വൈകിട്ട് 3ന് മുമ്പായി സമർപ്പിക്കണം. കരാറിന്റെ വിശദാംശങ്ങൾ എറണാകുളം സൗത്ത് എസ്.ആർ.വി എൽ.പി സ്കൂളിലുള്ള സമഗ്ര ശിക്ഷാ കേരള എറണാകുളം ജില്ലാ കാര്യാലയത്തിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ജില്ലാ പ്രോജക്ട് കോഓഡിനേറ്റർ സർവ്വ ശിക്ഷാ അഭിയാൻ, എറണാകുളം, എസ്.ആർ.വി എൽ.പി സ്കൂൾ ക്യാമ്പസ് ചിറ്റൂർ റോഡ്, എറണാകുളം 682011, ഫോൺ: 0484-2962041, 9847191888

## ഗതാഗതം നിരോധിച്ചു

**കൊച്ചി:** വല്ലം തൊടാപറമ്പ് -കാവുംപറമ്പ് -വഞ്ചിപ്പറമ്പ് റോഡിൽ കാവുംപ്പുറം മുതൽ പട്ടാൽ വരെയുള്ള ഭാഗത്തു അടിയന്തിരമായി ടാറിംങ് ചെയ്യേണ്ടതിനാൽ ഈ ഭാഗം വഴിയുള്ള ഗതാഗതം ഡിസംബർ 10 വരെ സാധ്യമാകില്ല. അതിനാൽ ഈ ഭാഗത്തെ പ്രദേശവാസികൾ ഗതാഗതത്തിനായി ബദൽ മാർഗം സ്വീകരിക്കണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

# സാംസംഗ് ഗാലക്സി ടാബ് എ11 പ്ലസ് ഇന്ത്യയിൽ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസംഗ്, പുതിയ ഗാലക്സി ടാബ് എ11 ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. മെച്ചപ്പെട്ട എഐ ശേഷികൾ, സ്മൂത്ത് 11 ഇഞ്ച് ഡിസ്പ്ലേ, പ്രീമിയം മെറ്റൽ ഡിസൈൻ എന്നിവയോടുകൂടി, കൂടുതൽ ഉപയോക്താക്കൾക്ക് സ്മാർട്ടായ, പവർ എഫിഷ്യന്റ് ടാബ് അനുഭവം നൽകുകയാണ് ലക്ഷ്യമെന്ന് സാംസംഗ് ഇന്ത്യ എംഎക്സ് ബിസിനസ് ഡയറക്ടർ സാഗ്നിക് സെൻ പറഞ്ഞു.ഗൂഗിൾ ജെമിനി, ഗൂഗിളിൽ സർച്ച് ചെയ്യാൻ സർക്കിൾ, ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം തുടങ്ങിയ സൗകര്യങ്ങൾ ഇതിലുണ്ട്. സ്ക്രീനിലെ ഏതെങ്കിലും ഉള്ളടക്കം സർക്കിൾ ചെയ്യുമ്പോൾ തന്നെ ബന്ധപ്പെട്ട വിവരങ്ങൾ, വിശദാംശങ്ങൾ, വിവർത്തനങ്ങൾ എന്നിവ ഉടൻ ലഭിക്കും.

വാർത്തകൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ എന്നിവ വായിക്കുമ്പോൾ സ്ക്രോൾ ചെയ്യുന്നിടത്തുവെച്ച് തന്നെ റിയൽടൈം ഓൺസ്ക്രീൻ വിവർത്തനം ലഭ്യമാകും. കൈയെഴുത്തോ ടൈപ്പുചെയ്തതോ ആയ ഗണിതപ്രശ്നങ്ങൾ അപ്പപ്പോൾ തിരിച്ചറിഞ്ഞ്, ഘട്ടം ഘട്ടമായി പരിഹാരം നൽകുന്നു. അടിസ്ഥാന ഗണിതത്തിൽ നിന്നു തുടങ്ങി ശാസ്ത്രീയ കാൽക്കുലേറ്റർ നിലവാരത്തിലുള്ള കൃത്യമായ കണക്കുകൾ, യൂണിറ്റ് കൺവേർഷനുകൾ എന്നിവയും പിന്തുണയ്ക്കുന്നു. 4എൻഎം മീഡിയ ടെക്ക് എംടി8775 പ്രോസസറുപയോഗിച്ച് നിർമിച്ചിരിക്കുന്ന ടാബ് എ11 പ്ലസ് സ്മൂത്ത് മൾട്ടി ടാസ്കിങ് പ്രകടനം നൽകുന്നു.

6ജിബി പ്ലസ് 128ജിബി, 8ജിബി പ്ലസ് 256ജിബി എന്നിങ്ങനെ മോഡലുകൾ ലഭ്യമാണ്. കൂടാതെ 2ടിബി വരെ മൈക്രോ എസ്ഡി എക്സ്പാൻഡബിൾ സ്റ്റോറേജ് സൗകര്യവും നൽകുന്നു. 7,040 എംഎഎച്ച് ബാറ്ററിയും 25വാട്ട് ഫാസ്റ്റ് ചാർജിങ്ങും വിശ്വാസ്യതയുള്ള ഉപയോഗം ഉറപ്പാക്കുന്നു. സ്ലിം പ്രൊഫൈലും മെറ്റൽ ഫിനിഷും ഉള്ള ടാബ് ഗ്രേ, സിൽവർ എന്നീ നിറങ്ങളിൽ ലഭ്യമാണ്. 257.1 168.7 6.9 എംഎം, ഭാരം: 480 ഗ്രാം (വൈഫൈ), 491 ഗ്രാം (5ജി). 8 എംപി റിയർ ക്യാമറയും 5 എംപി ഫ്രണ്ട് ക്യാമറയും വീഡിയോ കോൾ, ഡോക്യുമെന്റ് സ്കാൻ, കണ്ടന്റ് ക്രിയേഷൻ എന്നിവയ്ക്ക് വ്യക്തതയാർന്ന ഫോക്കസ് നൽകുന്നു. ഗാലക്സി ടാബ് എ11 പ്ലസ് 19,999 രൂപ മുതൽ ലഭ്യമാണ് (ബാങ്ക് ക്യാഷ്ബാക്ക് ഉൾപ്പെടെ). ആമസോൺ, സാംസംഗ് പ്ലാറ്റ്ഫോമുകളിലും തിരഞ്ഞെടുക്കപ്പെട്ട റീട്ടെയിൽ സ്റ്റോറുകളിലും ലഭ്യമാണ്.




# ബീമ ഗ്രാം എപിഐ അവതരിപ്പിച്ച് ഐആർഡിഎഐ

**കൊച്ചി/മുംബൈ:** ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (ഐആർഡിഎഐ) അവതരിപ്പിച്ച ബീമ ഗ്രാം എപിഐയുടെ മികവിനെ പ്രശംസിച്ച് ഇൻഷുറൻസ് അവയർനെസ് കമ്മിറ്റി (ഐഎസിലൈഫ്). ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ഗ്രാമീണ മേഖലകളിലെ കൂടുതൽ ആളുകളിലേക്കെത്തിക്കാൻ ബീമ ഗ്രാം എപിഐ വലിയ പങ്ക് വഹിക്കുമെന്ന് ഐഎസിലൈഫ് അധികൃതർ അഭിപ്രായപ്പെട്ടു. ഒരു ഡാറ്റാബേസും ഒരു എപിഐയും ഉൾപ്പെടുന്നതാണ് പഞ്ചായത്തിരാജ് മന്ത്രാലയം, സെന്റർ ഓഫ് എക്സലൻസ് ഇൻ പോസ്റ്റൽ ടെക്നോളജി, ഇൻഷുറൻസ് ഇൻഫർമേഷൻ ബ്യൂറോ ഓഫ് ഇന്ത്യ എന്നിവയുമായി സഹകരിച്ച് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വികസിപ്പിച്ചെടുത്ത ബീമ ഗ്രാം എപിഐ.

Life Insurance Council
Together in service

ഇതുപയോഗിച്ച് ഇൻഷുറൻസ് കമ്പനികൾക്ക് ഒരു വ്യക്തിയുടെ പിൻകോഡ് മാത്രം നൽകി അദ്ദേഹത്തിന്റെ ഗ്രാമപഞ്ചായത്തിന്റെ പേര് കണ്ടെത്താൻ സാധിക്കും. ഇതുവരെ പോളിസികൾ ഏത് ഗ്രാമമേഖലയിലെന്നത് കണ്ടെത്താൻ കമ്പനികൾക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ഇൻഷുറൻസ് കമ്പനികൾക്ക് ഗ്രാമങ്ങളിൽ തങ്ങളുടെ സേവനം എത്രത്തോളം എത്തിച്ചെന്നു ഇനിമുതൽ ഈ സംവിധാനത്തിലൂടെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുമെന്ന് ഐഎസിലൈഫ് അധികൃതർ അഭിപ്രായപ്പെട്ടു. അതിലൂടെ ഗ്രാമ പ്രദേശങ്ങളിലെ കൂടുതൽ ജനങ്ങൾക്ക് ഇൻഷുറൻസ് ഉത്പന്നങ്ങൾ ലഭ്യമാക്കാനും കഴിയുമെന്ന് അവർ വ്യക്തമാക്കി.

ബീമ ഗ്രാം എപിഐ ഇതിനകം അഞ്ചു ഇൻഷുറൻസ് കമ്പനികൾ വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. ഈ സംവിധാനം മറ്റു ഇൻഷുറൻസ് കമ്പനികളും ഉടൻ തന്നെ ഉപയോഗിച്ചു തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# സെന്റ് ആൻഡ്രൂസ് പള്ളി പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ; ആഘോഷങ്ങൾക്ക് തിരി തെളിഞ്ഞു

**കൊച്ചി:** സുറിയാനി ക്രിസ്ത്യൻ സമൂഹത്തിന്റെ വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും നാഴികക്കല്ലായ സെക്കന്തരാബാദ് സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് ചർച്ച് (വലിയപള്ളി)യുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു. സെന്റ് ആൻഡ്രൂസിന്റെ തിരുനാളിനോടനുബന്ധിച്ചാണ് ജൂബിലി ആഘോഷങ്ങൾക്കും തുടക്കം കുറിച്ചത്.

ബംഗളൂരു സഹായ മെത്രാപ്പോലീത്ത വർഗ്ഗീസ് മാർ ഫീലക്സിനോസ് ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. തെലങ്കാന കേഡറിലെ മലയാളി ഐഎഫ്എസ് ഓഫീസർ പ്രിയങ്ക വർഗീസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് ചർച്ച് വികാരി ഫാ. ഫാ. ബിനോ സാമുവൽ അധ്യക്ഷത വഹിച്ചു. 'എക്യുമെനിസവും കാരുണ്യവും' എന്നതാണ് ജൂബിലി ആഘോഷത്തിലെ പ്രധാന വിഷയം.

ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി മെഡിക്കൽ, രക്തദാന ക്യാമ്പുകൾ, യുവജന കായികമേള, സംഗീത സന്ധ്യ, വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കും. മുൻപ് 'സ്കോട്ടിഷ് ചർച്ച്' എന്നറിയപ്പെട്ടിരുന്ന സെന്റ് ആൻഡ്രൂസ് ചർച്ച്, സെക്കന്തരാബാദ് കന്റോൺമെന്റിൽ താമസിച്ചിരുന്ന ഇംഗ്ലീഷ് സൈനികരുടെയും കുടുംബങ്ങൾക്കും ആരാധന നടത്തുന്നതിനായി 1865ൽ ബ്രിട്ടീഷുകാരാണ് നിർമ്മിച്ചത്.

ഇന്ത്യ സ്വതന്ത്രമായതിനു ശേഷം പള്ളി സർക്കാർ ഏറ്റെടുക്കുകയും പിന്നീട് സുറിയാനി ക്രിസ്ത്യൻ സമൂഹത്തെ ഏൽപ്പിക്കുകയും ചെയ്തു. 1948 മാർച്ച് 5ന്, മാർത്തോമ്മാ, ഓർത്തഡോക്സ്, സി.എസ്.ഐ സഭകളിലെ അംഗങ്ങളെ ഉൾക്കൊണ്ടുള്ള 'യുണൈറ്റഡ് മലയാളം കോൺഗ്രിഗേഷൻ' പള്ളി ഔദ്യോഗികമായി ഏറ്റെടുത്തു.1951ൽ ഓർത്തഡോക്സ് ഇടവക സ്ഥാപിക്കപ്പെട്ടു. 2002ൽ പഴയ കെട്ടിടം പൊളിച്ചുനീക്കി ഡിസംബർ ഒന്നിന് ഭദ്രാസന മെത്രാപ്പോലീത്ത യാക്കോബ് മാർ ഐറേനിയോസ് പുതിയ പള്ളിക്ക് തറക്കല്ലിട്ടു.

2005 മാർച്ചിൽ, കാതോലിക്കാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട തോമസ് മാർ തിമോത്തിയോസ് പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചു.




സെക്കന്തരാബാദ് സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് ചർച്ച് (വലിയപള്ളി) യുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടന വേളയിൽ ബംഗളൂരു സഹായ മെത്രാപ്പോലീത്ത വർഗ്ഗീസ് മാർ ഫീലക്സിനോസ്, മുഖ്യാതിഥി തെലങ്കാന കേഡർ മലയാളി ഐഎഫ്എസ് ഓഫീസർ പ്രിയങ്ക വർഗീസ് തുടങ്ങിയവർ വേദിയിൽ

# സൗജന്യ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** തെങ്ങോട് സെന്റ്. മേരീസ് യാക്കോബായ സുറിയാനി പള്ളി, മാർ ഗ്രിഗോറിയോസ് യൂത്ത് അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. പള്ളിയോട് ചേർന്നുള്ള മരിയ കൺവെൻഷൻ സെന്ററിൽ വിദഗ്ദ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഡിസംബർ 14 ന് രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് രണ്ട് വരെ നടക്കുന്ന ക്യാമ്പിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, സൈക്യാട്രി, അസ്ഥിരോഗം, കണ്ണ്, ഇൻ.എൻ.ടി, കാർഡിയോളജി, ദന്തരോഗം, ത്വക് രോഗം എന്നീ വിഭാഗങ്ങൾ ഉണ്ടാകും. കൂടാതെ അടിയന്തര ഘട്ടങ്ങളിലെ ചികിൽസ, കുട്ടികളുടെ ഭക്ഷണ രീതി, പഠന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, സി.പി.ആർ പരിശീലനം, സൗജന്യ ഇസിജി, ബ്ലഡ് ഷുഗർ തുടങ്ങിയ പരിശോധനകളും ക്യാമ്പിൽ ഉണ്ടാകും.

തുടർ ചികിൽസയ്ക്ക് കടവന്ത്ര ഇന്ദിരാഗാന്ധി ആശുപത്രി, സ്മൈൽസ് ഡെന്റിസ്ട്രി, ലോട്ടസ് കണ്ണാശുപത്രി എന്നിവടങ്ങളിൽ ഇളവുകളുായിരിക്കും. ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഡിസംബർ ഏഴിന് മുമ്പായി 9746773012, 9446322205, 9895175601 എന്നിവയിൽ ഏതെങ്കിലും നമ്പറുകളിൽ ബന്ധപ്പെട്ട് പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് ക്യാമ്പ് കൺവീനർ ഡോ. അബ്രാഹം കെ. പോൾ അറിയിച്ചു.

# പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ മോഹന വീണ കച്ചേരി

**തിരുവനന്തപുരം:** പദ്മഭൂഷൺ, ഗ്രാമി അവാർഡ് ജേതാവ് പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ മോഹന വീണ കച്ചേരി അരങ്ങേറി. സാംസ്കാരിക സംഘടനയായ സ്പിക്മാകെ കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് കോളേജ് ഓഫ് ആർക്കിടെക്ചർ, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, സിഎസ്ഐആർ എൻഐഐഎസ്ടിയിലുമായാണ് കച്ചേരി സംഘടിപ്പിച്ചത്. ഡിസംബർ 3 മുതൽ 5 വരെ എറണാകുളത്തെ വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളിലായി മോഹന വീണ കച്ചേരി നടക്കുന്നതാണ്. ഇന്ത്യയുടെ പൈതൃകമായ ക്ലാസിക്കൽ ഡാൻസ് , ക്ലാസിക്കൽ മ്യൂസിക്ക്, കൾച്ചർ ഫോക് നാടകം സിനിമ തുടങ്ങി വൈവിധ്യമാർന്ന സംസ്കാരത്തെ യുവജനങ്ങളിലേക്ക് എത്തിക്കുന്നതിനായി 1977 ഇൽ ഡൽഹി ഐഐടി യിലെ പ്രൊഫസർ ഡോക്ടർ കിരൺ സേത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സന്നദ്ധ സംഘടനയാണ് സ്പിക്മാകെ.

# എം.എസ്. ധോണി പാനാസോണിക് ബ്രാൻഡ് അംബാസഡർ




**കൊച്ചി:** പാനാസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യ, എയർകീഷണർ പോർട്ട്ഫോളിയോയുടെ ബ്രാൻഡ് അംബാസഡറായി ഇന്ത്യയിലെ ക്രിക്കറ്റ് ഐക്കണും ക്യാപ്റ്റൻ കൂളുമായ എം.എസ് ധോണി. ഇന്ത്യയിലെ മുൻനിര എച്ച്.വി.എ.സി ബ്രാൻഡെന്ന സ്ഥാനത്തേക്ക് കുതിക്കുന്ന പാനാസോണിക്കിന്റെ യാത്രയിൽ നിർണ്ണായക ചുവടുവയ്പ്പാണിത്. ഈ പങ്കാളിത്തത്തിലൂടെ രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് വീടുകളുമായുള്ള ബന്ധം ശക്തിപ്പെടുത്താനും കൂടുതൽ സ്വീകാര്യത നേടാനും കമ്പനി ലക്ഷ്യമിടുന്നുവെന്ന് പാനാസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യ (പി.എൽ.എസ്.ഐ.എൻ.ഡി) എംഡിയും സിഇഒയുമായ തഡാഷി ചിബ പറഞ്ഞു. പാനാസോണിക് ബ്രാൻഡുമായി കൈകോർക്കുന്നതിൽ അഭിമാനമുണ്ടെന്ന് മഹേന്ദ്ര സിംഗ് ധോണി പറഞ്ഞു

## വേക്ക്ഫിറ്റ് ഇന്നൊവേഷൻസ് ലിമിറ്റഡ് ഐപിഒ ഡിസംബർ എട്ട് മുതൽ

**കൊച്ചി:** വേക്ക്ഫിറ്റ് ഇന്നൊവേഷൻസ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐപിഒ) 2025 ഡിസംബർ എട്ട് മുതൽ 10 വരെ നടക്കും. 377.178 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള ഓഹരി ഉടമകളുടെയും 46,754,405 ഇക്വിറ്റി ഓഹരികളുടെ ഓഹരി ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 185 മുതൽ 195 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 76 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 76 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

# ജോസ് ആലുക്കാസ് ശുഭ മംഗല്യം വിവാഹ ആഭരണ ശേഖരം പുറത്തിറക്കി

## നടികീർത്തി സുരേഷ് ആഭരണ ശേഖരം അനാച്ഛാദനം ചെയ്തു

**കൊച്ചി:** ജോസ് ആലുക്കാസ് തങ്ങളുടെ ഏറ്റവും പുതിയ വിവാഹ ആഭരണ ശേഖരമായ ശുഭ മംഗല്യം പുറത്തിറക്കി. ദക്ഷിണേന്ത്യൻ ക്ഷേത്ര കലയുടെ ചാരുതയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഈ കളക്ഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ബ്രാൻഡ് അംബാസഡറും നടിയുമായ കീർത്തി സുരേഷാണ് ആഭരണ ശേഖരം അനാച്ഛാദനം ചെയ്തത്.

ജോസ് ആലുക്കാസ് മാനേജിംഗ് ഡയറക്ടർ പോൾ ആലുക്കാസ് പറഞ്ഞു, വിവാഹം പവിത്രമായ ആഘോഷമാണ്. പൈതൃകത്തെ സമകാലിക മികവുമായി സംയോജിപ്പിച്ചാണ് ശുഭ മംഗല്യം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

വലിപ്പമേറിയ വട്ടാണങ്ങൾ, കൊത്തുപണികളുള്ള ഹാരങ്ങൾ, ചോക്കറുകൾ, നെക്ലേസുകൾ, ഒടിയാണം, വളകൾ തുടങ്ങി വധുവിനായുള്ള വിശിഷ്ടമായ പരമ്പരാഗത ആഭരണ രൂപകൽപ്പനകൾ ഈ ശേഖരത്തിൽ ഉൾപ്പെടുന്നു.

ആധികാരികതയിലും ഗുണമേന്മയിലും ജോസ് ആലുക്കാസിനുള്ള പ്രതിബദ്ധത ഉറപ്പുവരുത്തിക്കൊണ്ട്, ഓരോ ആഭരണത്തിനും ബിഐഎസ് എച്ച്‌യുഐഡി സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

ഈ എക്സ്ക്ലൂസീവ് ശുഭ മംഗല്യം ക്ഷേത്ര ആഭരണ ശേഖരം ജോസ് ആലുക്കാസിന്റെ എല്ലാ ഔട്ട്‌ലെറ്റുകളിലും ഇപ്പോൾ ലഭ്യമാണ്.






## ഹർമൻപ്രീത് കൗർ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ആദ്യ വനിതാ ബ്രാൻഡ് അംബാസഡർ

**ന്യൂഡൽഹി:** ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റനും ലോകകപ്പ് ചാമ്പ്യനുമായ ഹർമൻപ്രീത് കൗറിനെ പഞ്ചാബ് നാഷണൽ ബാങ്ക് തങ്ങളുടെ ആദ്യ വനിതാ ബ്രാൻഡ് അംബാസഡറായി നിയമിച്ചു.

ബാങ്കിംഗ് ഓൺ ചാമ്പ്യൻസ് എന്ന പ്രമേയത്തിൽ ബാങ്കിന്റെ കോർപ്പറേറ്റ് ഓഫീസിൽ നടന്ന ചടങ്ങിൽ വെച്ചാണ് പ്രഖ്യാപനം നടന്നത്. ബാങ്കിൽ താൻ 18 വയസ്സുമുതൽ അക്കൗണ്ട് ഉപയോഗിക്കുന്നുണ്ടെന്നും, ബ്രാൻഡ് അംബാസഡറാകാൻ കഴിഞ്ഞത് വലിയൊരു അംഗീകാരമാണെന്നും ഹർമൻപ്രീത് കൗർ പറഞ്ഞു.

ചടങ്ങിനോടനുബന്ധിച്ച്, ഹർമൻപ്രീത് കൗറും മറ്റ് സീനിയർ ഉദ്യോഗസ്ഥരും ചേർന്ന് പിഎൻബിയുടെ പുതിയ നാല് സാമ്പത്തിക ഉൽപ്പന്നങ്ങൾ പുറത്തിറക്കി. ഇതിൽ പ്രീമിയം വിഭാഗത്തിലുള്ള പിഎൻബി റുപേ മെറ്റൽ ക്രെഡിറ്റ് കാർഡ് ലക്ഷ്വറ, പിഎൻബി വൺ 2.0 (മൊബൈൽ ആപ്പിന്റെ പുതിയ രൂപം), ഡിജി സൂര്യ ഘർ (സോളാർ വായ്പാ പദ്ധതി), ഐഐബിഎക്സ് പോർട്ടലിലേക്കുള്ള പ്രവേശനം എന്നിവ ഉൾപ്പെടുന്നു.

## മാ സബ് ജാൻതി ഹേ, മാ സച്ച് ജാൻതി ഹേ കാമ്പെയ്നുമായി മദേഴ്സ് റെസിപ്പി

**പുനെ:** ഇന്ത്യൻ കുടുംബങ്ങൾക്ക് സുപരിചിതമായ ബ്രാൻഡായ മദേഴ്സ് റെസിപ്പി തങ്ങളുടെ ജിഞ്ചർ ഗാർലിക് പേസ്റ്റിനായി 'മാ സബ് ജാൻതി ഹേ, മാ സച്ച് ജാൻതി ഹേ' എന്ന പ്രമേയത്തിൽ പുതിയ കാമ്പെയ്ൻ ആരംഭിച്ചു. അടുക്കളയിലെ തിരഞ്ഞെടുപ്പുകളിൽ അമ്മമാർ നൽകുന്ന വിശുദ്ധിയിലും സത്യസന്ധതയിലുമുള്ള വിശ്വാസത്തെയാണ് ഈ കാമ്പെയ്ൻ ആഘോഷിക്കുന്നത്. ഈ ഉൽപ്പന്നത്തിൽ കൃത്രിമ പ്രിസർവേറ്റീവുകൾ ചേർക്കുന്നില്ല എന്ന് കമ്പനി ഉറപ്പുനൽകുന്നു. ഈ പ്രത്യേകതയുള്ള ഏക ബ്രാൻഡാണ് തങ്ങളെന്നും മദേഴ്സ് റെസിപ്പി അവകാശപ്പെടുന്നു.




## ബിസിസിഐയുടെ കളർ പാർട്ണറായി ഏഷ്യൻ പെയിന്റ്സ്

**കൊച്ചി:** ബിസിസിഐയുടെ കളർ പാർട്ണറായി ഏഷ്യൻ പെയിന്റ്സിനെ പ്രഖ്യാപിച്ച് കമ്പനി എംഡിയും സിഇഒയുമായ അമിത് സിംഗ്ളെയും ബിസിസിഐ വക്താവ് ദേവജിത് സൈകിയയും. ബിസിസിഐയുടെ കളർ പാർട്ണറായി രാജ്യത്തെ മുൻനിര പെയിന്റ് കമ്പനി ഏഷ്യൻ പെയിന്റ്സ് ധാരണാപത്രം ഒപ്പുവെച്ചു.

മൂന്നുവർഷത്തേക്ക് ഇന്ത്യയുടെ പുരുഷ വനിത ക്രിക്കറ്റ് ടീമുകളുടെ എല്ലാ മത്സരങ്ങളിലും ആഭ്യന്തര സീരീസുകളിലും ഏഷ്യൻ പെയിന്റ്സ് ബിസിസിഐയുടെ സ്പോൺസർഷിപ്പ് പങ്കാളികളാകും. ഇന്ത്യൻ ടീമുകളുടെ 110 മത്സരങ്ങളാണ് കരാറിന്റെ ഭാഗമായി വരുന്നത്.

ഏകദേശം 45 കോടി രൂപയുടേതാണ് കരാർ. ഓൺ ലൈൻ ഗെയിമിങ് ആപ്പുകൾ നിരോധിച്ചശേഷം ബിസിസിഐയുടെ സ്പോൺസർഷിപ് പങ്കാളികളാകുന്ന രണ്ടാമത്തെ കമ്പനിയാണ് ഏഷ്യൻ പെയിന്റ്സ്. രാജ്യത്തെ 140 കോടി ഹൃദയങ്ങളെ ഏകോപിപ്പിക്കുന്നതാണ് ക്രിക്കറ്റെന്നും ഈ മേഖലയിൽ ബിസിസിഐയുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്നും ഏഷ്യൻ പെയിന്റ്സ് എംഡിയും സിഇഒയുമായ അമിത് സിംഗ്ളെ പറഞ്ഞു.




കരാറിന്റെ ഭാഗമായി മത്സര വേദിയിലെ ഏറ്റവും കളർഫുളായ ഫാൻസിനെ കണ്ടെത്തുന്ന 'കളർ കാം', കളർ ട്രെൻഡുകൾ പരിചയപ്പെടുത്തുന്ന 'കളർ കൗണ്ട് ഡൗൺ' എന്നിങ്ങനെ വിവിധ പ്രചാരണ പരിപാടികൾ ഒരുക്കുന്നുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com